പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4073 | 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഫലം പ്രസിദ്ധീകരിച്ചിരുന്നോ; | (എ) | സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഫലം കേന്ദ്ര സർക്കാർ **secc.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെൻസസ് പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ 9 (കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം) ജില്ലകളിലെ അന്തിമ ലിസ്റ്റ് പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പൂർത്തീകരിക്കാത്ത ജില്ലകൾ ഏതെല്ലാമാണ്; ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്? | (സി) | കേരളത്തിലെ 4 (കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം) ജില്ലകളിലെ അന്തിമ ലിസ്റ്റും പ്രസിദ്ധീകരണത്തിനായി കേന്ദ്ര സർക്കാരിന് കൈമാറാൻ തയ്യാറായിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിലെ പരാതികളുടെ അപ് ലോഡിംഗ് ഇനിയും പൂർത്തിയായിട്ടില്ല. പരാതികളുടെ തീർപ്പ് അപ് ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറിൽ വന്ന സാങ്കേതിക തടസ്സമാണ് അപ് ലോഡിംഗ് വൈകാനിടയാക്കിയത്. |

സെക്ഷൻ ഓഫീസർ